## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.951. 04.03.2020 ൽ മറുപടിയ്ക്ക്

### മദ്യത്തിനും മയക്കമരുന്നിനുമെതിരായ ബോധവത്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.വി. ജോയി<br>ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.കെ.ജെ. മാക്സി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യവർജ്ജന ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' സ്വീകരിച്ച് വരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്ര യജ്ഞ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും, 917 പഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും, വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തി വരുന്നു. ഈ പരിപാടിയോടനുബന്ധിച്ച് 2019 നവംബർ 14 ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും, 2019 ഡിസംബർ 4 ന് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിട്ടുള്ളതുമാണ്. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബും, 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. സംസ്ഥാനത്ത് മുഴുവൻ ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളം ലഹരിക്കെതിരെ ദീപം തെളിയിക്കൽ-വിമുക്തി ജ്വാല സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ, എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുള്ളതാണ്. വിമുക്തി ബോധവൽക്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ ബോധവൽക്കരണ സന്ദേശ പ്രചരണം നടത്തി. വിവിധ സാംസ്കാരിക പരിപാടികൾ വഴിയും |

| | | | |
|---|---|---|---|
| | | | വിമുക്തി സന്ദേശം നൽകിയിട്ടുള്ളതാണ്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് കബഡി, വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ വിവിധ കായികമത്സരങ്ങൾ സംസ്ഥാനമൊട്ടാകെ തുടർച്ചയായി സംഘടിപ്പിച്ചു വരുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലങ്ങളിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 'വിമുക്തി സേന' എന്ന പേരിൽ ലഹരി വിരുദ്ധ പ്രവർത്തകരുടെ ചെറുയൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങളിൽ മദ്യത്തിനും മയക്കമരുന്നിനുമെതിരായ ബോധവത്കരണം ശക്തമാക്കുന്നതിനായി രൂപീകരിച്ച ലഹരി വിമുക്ത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. മെയ് 31 ലോക പുകയില വിരുദ്ധ ദിനം, ജൂൺ 26 അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് ലഹരിക്കെതിരെ ഉപന്യാസ മത്സരം, ക്വിസ്സ് മത്സരം, പ്രസംഗമത്സരം, പോസ്റ്റർ രചനാ മത്സരം തുടങ്ങിയ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (സി) | വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത തടയുന്നതിനായി എക്സൈസ് വകുപ്പ് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് കർശന പരിശോധനകൾ നടത്തി ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയും രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ദൂഷ്യഫലങ്ങൾ സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം | (ഡി) | 'വിമുക്തി' യുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, |

| | | | |
|---|---|---|---|
| | ബോധവത്ക്കരണ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | | സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിവയടക്കം പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. കേരളത്തിൽ വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ബോധവത്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ച് വരുന്നു.<br>ലഹരിക്കെതിരെ കായിക വിനോദം എന്ന ലക്ഷ്യത്തോടെ കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതും, കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ചിട്ടുള്ളതും, പുസ്തക വിതരണം നടത്തിയിട്ടുള്ളതുമാണ്. എഫ്.എം.റേഡിയോകൾ, ടി.വി. ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്.മലയാള സിനിമാലോകത്തെ പ്രമുഖ താരങ്ങളുടെ ലഹരിക്കെതിരായ സന്ദേശം തയ്യാറാക്കി നവമാധ്യമങ്ങളിലൂടെ നിരന്തരം പ്രചരിപ്പിക്കുന്നുണ്ട്.<br>ആദിവാസി, തീരദേശ, പട്ടികജാതി കോളനികളിൽ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവന സന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ